KPMHSS

CHERIYAVELI NALLOOR




# ACADEMIC MASTER PLAN

# 2025-26

## സ്കൂൾ അക്കാദമിക സംവിധാനം

| | | |
|---|---|---|
| പേര് | : | കെ. പി. എം. എച്ച്. എസ്. എസ് ചെറിയവെളിനല്ലൂർ |
| വില്ലേജ് | : | വെളിനല്ലൂർ |
| പഞ്ചായത്ത് | : | വെളിനല്ലൂർ |
| ബ്ലോക്ക് | : | ചടയമംഗലം |
| ജില്ല | : | കൊല്ലം |
| പ്രിൻസിപ്പാൾ | : | എ. സന്തോഷ് |
| ഹെഡ്മാസ്റ്റർ | : | ബിപിൻ ഭാസ്കർ |

## ആമുഖം

വെളിനല്ലൂരിന്റെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോട് കൂടി 1956-ൽ ശ്രീ കടൻപിള്ള സാർ മുൻകൈ എടുത്ത് ചെറിയവെളിനല്ലൂരിൽ അപ്പർ പ്രൈമറി സ്കൂൾ ആരംഭിച്ചു. ശ്രീ. കെ. സുകുമാരിയമ്മ ആയിരുന്നു സ്ഥാപക മാനേജർ. വിദ്യാഭ്യാസപരമായും സാംസ്കാരികമായും പിന്നോക്കം നിന്നിരുന്ന പ്രദേശമായിരുന്നു ഇത്. വെളിനല്ലൂർ പഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. ഉന്നതവിദ്യാഭ്യാസം നേടുന്നതിനായി ചാത്തന്നൂർ, പകൽക്കുറി തുടങ്ങിയ സ്ഥലങ്ങളിലേക്ക് കാൽനടയായി പോകേണ്ട അവസ്ഥയാണ് ഉണ്ടായിരുന്നത്. ഇതിനൊരു ശാശ്വത പരിഹാരം എന്ന നിലയിലാണ് ചെറിയവെളിനല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടത്. 1964-ൽ ചെറിയവെളിനല്ലൂർ ഹൈസ്കൂൾ സ്ഥാപിതമായ ശേഷം ഈ പ്രദേശത്തെ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ സർവ്വതോന്മുഖമായ പുരോഗതിയാണ് ഉണ്ടായത്. 2000-ൽ വെളിനല്ലൂർ പഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടതിന് ശേഷം സമീപപ്രദേശങ്ങളിലെ വിദ്യാർത്ഥികൾ ആശ്രയിക്കുന്ന മികച്ച വിദ്യാലയമായി കെ.പി.എം.എച്ച്.എസ്.എസ് മാറിയിട്ടുണ്ട്.

വിദ്യാഭ്യാസപരമായി പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്ത് പിൽക്കാലത്ത് ഉന്നത റാങ്കുകൾ, സമീപ പ്രദേശത്തെ അപേക്ഷിച്ച് എല്ലാ വർഷവും നിരവധി Full A+കൾ എന്നിവ നേടി അഭിമാനകരമായ വിജയം നേടിക്കൊണ്ടിരിക്കുകയാണ്

കലാമത്സരങ്ങളിൽ നിരവധി വർഷങ്ങളായി വെളിയം സബ്ജില്ലയിൽ കെ.പി.എം.എച്ച്.എസ്. ഓവറോൾ ചാമ്പ്യൻമാരാണ്. കായിക മത്സരങ്ങളിൽ നിരവധി ദേശീയ ചാമ്പ്യൻമാരെ ഈ സ്കൂൾ സൃഷ്ടിച്ചിട്ടുണ്ട്. ശാസ്ത്രമേളകളിൽ നിരവധി വർഷങ്ങളായി സംസ്ഥാനതല വിജയികളെ സംഭാവന ചെയ്യാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. NCC, Guide, JRC, Little kites എന്നിവയുടെ പ്രവർത്തനം മികച്ച രീതിയിൽ നടന്നുവരുന്നു.

സ്കൂൾ പ്രവർത്തനങ്ങളിൽ പി.ടി.എ നിസ്തുലമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. പാഠ്യ പാഠ്യേതര പ്രവർത്തനത്തിനോടൊപ്പം കുട്ടികൾ സാമൂഹ്യ പ്രതിബദ്ധതയും പരിസ്ഥിതി ബോധവും ഉൾക്കൊണ്ട് കൊണ്ട് വളരുന്ന ഒരു പുതുതലമുറയെ സൃഷ്ടിക്കാനുള്ള നിരന്തര ശ്രമത്തിലാണ് ഈ വിദ്യാലയം.

ഇങ്ങനെയൊക്കെയാണെങ്കിലും സാമ്പത്തിക പിന്നോക്കാവസ്ഥയും ഭൗതിക സാഹചര്യങ്ങളുടെ കുറവും ഈ വിദ്യാലയം നേരിടുന്നുണ്ട്. ഇത് പരിഹരിച്ച് കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ മികച്ച വിദ്യാലയമായി മാറുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്

## ലക്ഷ്യങ്ങൾ

- ഈ സ്കൂളിൽ പഠിക്കുന്ന 5 മുതൽ +2 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ പൂർണ്ണമായും കൈവരിക്കുക.
- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- പഠനം രസകരവും അനായാസവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക.
- മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം ക്യാമ്പസിൽ നിന്ന് ഒഴിവാക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുക.
- പുതിയ തലമുറയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്ന രീതിയിലുള്ള അധ്യാപനം ഉറപ്പാക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക.
- സ്കൂൾ വായനശാലകളും ലബോറട്ടറികളും ആധുനികവൽക്കരിക്കുക.
- സ്കൂൾ കുട്ടികൾക്ക് കൗൺസിലിങ് സൗകര്യങ്ങൾ ഉണ്ടാക്കുക.
- പ്ലാസ്റ്റിക് വിമുക്ത - കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കാനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
- ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കുന്ന രീതിയിൽ കാര്യക്ഷമമായ അധ്യാപക പരിശീലനം ഉറപ്പാക്കുക.
- സൂംബ പരിശീലനത്തിലൂടെ കുട്ടികളുടെ മാനസിക ഉല്ലാസവും ശാരീരിക ക്ഷമതയും ഉറപ്പാക്കുന്നു
- കുട്ടികളിൽ പൊതുസംരക്ഷണം, നിയമബോധം, ഡിജിറ്റൽ അച്ചടക്കം തുടങ്ങിയവ ഉറപ്പാക്കൽ
- ആരോഗ്യം, വ്യായാമം, ആഹാരശീലങ്ങൾ തുടങ്ങിയവയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ
- ട്രാഫിക് നിയമം, റോഡ് സുരക്ഷ, വ്യക്തിശുചിത്വം തുടങ്ങിയവയെക്കുറിച്ച് ബോധവൽക്കരണം നൽകുക.

## ആകർഷകമായ ഹരിതപരിസരം

ഹരിതാഭമായ സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് വേണ്ടി ഹരിതപാതകൾ, ഹരിത ഇടനാഴികൾ, പച്ചത്തുരുത്തുകൾ എന്നിവ നിർമ്മിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു. ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഒരു വൃക്ഷമെങ്കിലും സ്കൂളിൽ നടാനും സംരക്ഷിക്കാനുമുള്ള പദ്ധതിക്ക് രൂപം നൽകി. വിഷരഹിത പച്ചക്കറി വീട്ടിലും വിദ്യാലയത്തിലും എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ജൈവകൃഷിയിടം എങ്ങനെ സ്ഥാപിക്കാം എന്നതിനെക്കുറിച്ചുള്ള ചർച്ചകൾ സംഘടിപ്പിക്കുകയും ഫലപ്രാപ്തിയിലെത്തിക്കാൻ വേണ്ട സഹായ സ്രോതസ്സുകൾ കണ്ടെത്തുകയും ചെയ്തു. സ്കൂളിനെ ആകർഷകമാക്കുന്നതിന് വേണ്ടി ഔഷധോദ്യാനവും / പൂന്തോട്ടവും നിർമ്മിക്കാനായി വിവിധ ക്ലബ്ബുകൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ചുമതലകൾ വിഭജിച്ചു നൽകുകയും ചെയ്തു. വിശ്രമ പരി മരത്തണലുകൾക്കായി പടർന്നു പന്തലിക്കുന്ന ധാരാളം വൃക്ഷങ്ങൾ നട്ടുവളർത്താൻ തീരുമാനിച്ചു.

## അധ്യാപകർ നിലവിലെ അവസ്ഥ. 2025-26

| TEACHERS | | | |
|---|---|---|---|
| | M | F | T |
| HM | 1 | 0 | 1 |
| HS | 9 | 18 | 27 |
| UP | 3 | 13 | 16 |
| R(HS) | 2 | 7 | 9 |
| R(UP) | 0 | 3 | 3 |
| CLERK | 1 | 0 | 1 |
| OA | 4 | 0 | 4 |
| Total | 20 | 41 | 61 |

## 2025-26 അദ്ധ്യയന വർഷത്തെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം.

| 6th WORKING DAY | | | | |
|---|---|---|---|---|
| CLASS | B | G | T | SC |
| X | 117 | 88 | 205 | 26 |
| IX | 136 | 103 | 239 | 26 |
| VIII | 129 | 91 | 220 | 12 |
| VII | 85 | 61 | 146 | 10 |
| VI | 81 | 44 | 125 | 7 |
| V | 37 | 28 | 65 | 5 |
| Total. | 585 | 415 | 1000 | 86. |

## വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ നിലവിലുള്ള അവസ്ഥ.

| വിഭാഗം | നിലവിലുള്ള അവസ്ഥ |
|---|---|
| സ്കൂൾ കൗൺസിൽ | മാസത്തിൽ രണ്ട് തവണ പഠന പ്രവർത്തനങ്ങൾ വിലയിരുത്തുന്നു |
| SRG | മാസത്തിൽ രണ്ട് തവണ കൂടി സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു |
| PTA | മികച്ച രീതിയിൽ പ്രവർത്തിക്കുന്നു |
| M.P.T.A | മികച്ച രീതിയിൽ പ്രവർത്തിക്കുന്നു |
| ക്ലബ്ബ് പ്രവർത്തനങ്ങൾ<br>1. ഗണിത ക്ലബ്ബ്<br>2. സയൻസ് ക്ലബ്ബ്<br>3. സോഷ്യൽ സയൻസ് ക്ലബ്ബ്<br>4. പ്രവൃത്തി പരിചയ ക്ലബ്ബ്<br>5. ഹിന്ദി ക്ലബ്ബ്<br>6. ഹെൽത്ത് ക്ലബ്ബ്<br>7. വിദ്യാരംഗം ക്ലബ്ബ്<br>8. ആർട്സ് ക്ലബ്ബ്<br>9 മൈത്രി - ഭാഷാ വിഷയങ്ങളുടെ ക്ലബ്ബ്<br>10. സീഡ് ക്ലബ്ബ്<br>11. നല്ലപാഠം<br>12. ശുചിത്വ ക്ലബ്ബ്<br>13. സ്പോർട്സ് ക്ലബ്ബ്<br>14. ദേശീയ സമ്പാദ്യപദ്ധതി<br>15. Teens Club. | ദിനാചരണങ്ങളും ക്ലബ്ബ് പ്രവർത്തനങ്ങളും മികച്ച രീതിയിൽ നടക്കുന്നു. |
| ലൈബ്രറി | ആയിരത്തിലധികം പുസ്തകങ്ങളുള്ള വിശാലമായ ലൈബ്രറി. |
| ലാബ് പ്രവർത്തനങ്ങൾ<br>1 കമ്പ്യൂട്ടർ<br>2. സയൻസ് ലാബ്<br>3 സാമൂഹ്യ ശാസ്ത്ര ലാബ്<br>4. ഗണിത ലാബ്<br>5. ലാംഗ്വേജ് ലാബ്<br>6 അടൽ ടിങ്കറിങ് ലാബ് | മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. |

വിദ്യാലയത്തിലെ IT അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം UP & HS | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് | | |
|---|---|---|---|---|
| കമ്പ്യൂട്ടർ ഡെസ്ക്ടോപ്പ് | | 20 | | |
| ലാപ്ടോപ്പ് | 26 | | | |
| പ്രൊജക്ടർ - LCD | 8 | 5 | | |
| റേഡിയോ | 0 | 2 | | |
| TV | 1 | - | | |
| വിക്ടേഴ്സ് ചാനലിന്റെ ലഭ്യത | ഉണ്ട് | - | | |
| DVD പ്ലെയർ | ഇല്ല | 1 | | |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | - | | |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | ഇല്ല | | | |
| ബ്ലോഗ് | ഇല്ല | | | |
| Email ID | ഉണ്ട് | | | |
| സ്മാർട്ട് ക്ലാസ് റൂം | 8 | 10 | | |
| ഡിജിറ്റൽ ക്ലാസ് റൂം | 3 | 10 | | |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | 2 | 18 | | |
| Handicam & Digital Camera | 1 | 1 | | |

ഭൗതികാവസ്ഥ - നിലവിലുള്ളത് - ആവശ്യമുള്ളത്

| വിഭാഗം UP, HS, HSS | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| അഡീഷണൽ ക്ലാസ് മുറി | Nil | 15 |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 14 | 8 |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 20 | 10 |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം. | 3 | 1 |
| പ്രധാന അധ്യാപിക മുറി | 2 | - |
| ചുറ്റുമതിൽ / ഹരിതവേലി / മുൾവേലികൾ | പൂർണ്ണം | |
| കളിസ്ഥലം | 1 | Basket ball court |
| ക്ലാസ്സ് മുറിയിൽ റാമ്പ് വിത്ത് ഹാന്റ് റെയിൽ | 2 | 4 |
| അടുക്കള | 1 | ആധുനിക സൗകര്യങ്ങളോട് കൂടിയത് |
| ഡൈനിങ്ങ് ഹാൾ | 1 | |
| ക്രിക്കറ്റ് പിച്ച് | 1 | |

# പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ

2025-26 അധ്യയനവർഷം ജൂൺ 2ന് വർണ്ണശബളമായ പ്രവേശനോത്സവത്തോടെ ആരംഭിച്ചു. സ്കൂൾ തുറക്കുന്നതിന് മുൻപ് തന്നെ സബ്ജക്ട് കൗൺസിൽ കൺവീനർമാർ, SRG കൺവീനർ, ക്ലബ്ബ് കൺവീനർമാർ, ഓരോ ക്ലബ്ബുകൾക്കുമുള്ള ചുമതലകൾ, ദിനാചരണങ്ങൾ എന്നിവ എച്ച്.എം. ശ്രീ ഷിബിൻദാസ് സാറിന്റെ സാന്നിധ്യത്തിൽ തീരുമാനിച്ചു. 2024-25 അധ്യയനവർഷത്തിൽ 10-ാം ക്ലാസിൽ 43 കുട്ടികൾ Full A+ ഉം 4 കുട്ടികൾക്ക് 9A+ ഉം 9 കുട്ടികൾക്ക് 8A+ ഉം ലഭിച്ചു.

NCC, JRC, Guide, Little Kites യൂണിറ്റുകൾ സ്കൂളിൽ ഉണ്ട്. 2024-25 അധ്യയനവർഷത്തിൽ ശാസ്ത്രമേളകളിൽ സബ്ജില്ലാ തലം മുതൽ സംസ്ഥാനതലം വരെ നിരവധി കുട്ടികളെ പങ്കെടുപ്പിക്കുവാനും മികച്ച വിജയം നേടാനും സ്കൂളിനു സാധിച്ചു. IT, പ്രവൃത്തിപരിചയം, സോഷ്യൽസയൻസ് മേളകളിൽ സംസ്ഥാനതലത്തിൽ അഭിമാനാർഹമായ നേട്ടം കൈവരിക്കുവാൻ സാധിച്ചു. Sport and Games വിഭാഗത്തിൽ നിരവധി കുട്ടികൾ പങ്കെടുത്ത് സംസ്ഥാന തലം വരെ എത്തി. റസ്‌ലിങ് വിഭാഗത്തിൽ നിരവധി കുട്ടികൾ പങ്കെടുത്ത് ദേശീയതലത്തിൽ എത്തുകയും നിരവധി നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. കലോത്സവങ്ങളിൽ നിരവധി വർഷങ്ങളായി സബ്ജില്ലാതലത്തിൽ KPMHSS ഓവറോൾ ചാമ്പ്യൻമാരാണ്.

ജൂൺ 5 പരിസ്ഥിതി ദിനത്തിൽ വിവിധ ക്ലബ്ബുകൾ വൃക്ഷത്തൈകളും, പൂച്ചെടികളും നട്ട് സ്കൂൾ പരിസരം ഹരിതാഭമാക്കി. എല്ലാ ക്ലാസുകളിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ (പ്രത്യേകിച്ച് ഹിന്ദി, കണക്ക്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ) കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകാൻ തീരുമാനിച്ചു. ഭാഷാ ക്ലബ്ബുകൾ ഉൾപ്പെടെ ഇരുപതോളം വ്യത്യസ്തങ്ങളായ ക്ലബ്ബുകൾ കുട്ടികൾക്കായി വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. ദിനാചരണങ്ങളും ക്ലബ്ബ് പ്രവർത്തനങ്ങളും സംയോജിപ്പിച്ച് കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

USS, NMMS. കോച്ചിംഗ് ക്ലാസ്സുകൾ ഈ വർഷം തുടക്കം മുതൽ തന്നെ നൽകുന്നു. ജീവിതത്തിന്റെ നാനാതുറയിൽ

നിന്നും വിദ്യാലയത്തിൽ എത്തിച്ചേരുന്ന കുട്ടികളുടെ മാനസിക പ്രശ്നങ്ങളും ശാരീരിക ബുദ്ധിമുട്ടുകളും കണ്ടെത്തി കുട്ടികൾക്ക് ആവശ്യം ഉറപ്പാക്കുന്ന രീതിയിലുള്ള കൗൺസിലിംഗ് ക്ലാസുകൾ നടത്തിവരുന്നു. കുട്ടികൾക്ക് പഠനകാര്യങ്ങളിൽ ശ്രദ്ധ ഉറപ്പാക്കുന്നതിന് വേണ്ടിയുള്ള മോട്ടിവേഷൻ ക്ലാസുകൾ രക്ഷകർത്താക്കൾക്കും കുട്ടികൾക്കുമായി നൽകിവരുന്നു. ഈ വർഷവും തുടരും.

കായികരംഗത്ത് കരുത്തരാകാൻ കുട്ടികൾക്ക് ഗുസ്തി, ഫുട്ബോൾ, ക്രിക്കറ്റ്, മറ്റ് അത്‌ലറ്റിക്സ് ഇനങ്ങൾ എന്നിവയുടെ പരിശീലനം ആരംഭിച്ചു കഴിഞ്ഞു. കുട്ടികൾക്ക് മികച്ച കായിക വിദ്യാഭ്യാസം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ആണിവ.

ചിത്രകലാ പരിശീലനം, തൊഴിൽ പരിശീലനം, കുട്ടികളിൽ ശാസ്ത്രബോധം വളർത്താനും, വിവരസാങ്കേതിക വിദ്യയിൽ മുന്നേറുവാനും ഉള്ള പരിശീലനം തുടങ്ങിയവ ഉറപ്പാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നു. റോബോട്ടിക്സ് ക്ലാസുകൾ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലും പുതിയ IT ($10^{th}$) Text book-ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

എല്ലാ വിഷയങ്ങളുടേയും സബ്ജക്ട് കൗൺസിൽ മീറ്റ് മാസത്തിൽ 2 തവണ ചേരുന്നു. ഓരോ മാസത്തെയും പഠിപ്പിച്ചു തീരേണ്ട യൂണിറ്റ് പാഠഭാഗങ്ങളും ക്ലബ് പ്രവർത്തനങ്ങളും, യൂണിറ്റ് ടെസ്റ്റുകളും എല്ലാം ചർച്ചയിൽ ഉൾപ്പെടുന്നു.

# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന നിലപാടിനെ മുൻനിർത്തി അക്കാദമിക് മികവിന്റെ കാര്യത്തിൽ നമുക്ക് മുന്നേറുവാൻ കഴിയണം. അതിന്റെ ഭാഗമായി ആണ് ഈ വർഷം സമഗ്ര ഗുണമേന്മ വർഷമായി പരിഗണിക്കുന്നത്. ഓരോ കുട്ടിയും അതത് ക്ലാസിൽ നേടേണ്ടുന്ന പാഠ്യപദ്ധതി വിഭാവനം ചെയ്ത പഠനലക്ഷ്യങ്ങൾ ആർജ്ജിച്ച് മുന്നേറുക എന്ന ലക്ഷ്യത്തോടെയുള്ള വിദ്യാഭ്യാസം കുട്ടികളുടെ ശാരീരിക, ബൗദ്ധിക മാനസിക, വൈകാരിക സാമൂഹിക ഘടക വികാസ മേഖലകളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ വളർച്ചയാണ് മുന്നിൽ കാണുന്നത്. അറിവെന്നാൽ പാഠപുസ്തകത്തിൽ നിന്ന് ലഭിക്കുന്ന ഒന്നായി പരിമിതപ്പെടുത്താതെ വിവേകവും വിവേചനബുദ്ധിയും സഹജീവി സ്നേഹവും വിമർശനാത്മക ബുദ്ധിയും കുട്ടികളിൽ അങ്കുരിക്കുകയും വികസിക്കുകയും വേണം. ഇതിന്റെ ഭാഗമായാണ് സ്കൂൾ തുറന്ന ആദ്യത്തെ രണ്ടാഴ്ച [illegible] ഒരു മണിക്കൂർ [illegible], ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ, റോഡ് സുരക്ഷ, സ്കൂൾ ഹരിത ക്യാമ്പസ്, വ്യക്തി ശുചിത്വം പരിസര ശുചിത്വം, ആരോഗ്യം, വ്യായാമം, കായികം, സൈബർ സുരക്ഷ, പൊതുമുതൽ സംരക്ഷണം ഇടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ലഹരിയെന്ന മഹാവലയത്തിൽ അകപ്പെടാതെ ബാല്യത്തിന്റെ നിഷ്കളങ്കത നഷ്ടപ്പെടാതെ ഒരു സമൂഹത്തെ വാർത്തെടുക്കാൻ സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങളിലൂടെ കഴിയട്ടെ എന്ന നമുക്ക് പ്രത്യാശിക്കാം.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - UP വിഭാഗം

2025 - 26

മലയാളം UP

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം നിർവഹണം. |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷയെ കാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കാൻ വിഭവങ്ങളും പരിശീലനങ്ങളും കണ്ടെത്തൽ | • കുട്ടികൾക്കു ഭാഷയിൽ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിന് വേണ്ട പരിശീലനങ്ങൾ<br>• പത്രവായന<br>• അക്ഷരത്തെറ്റുകൾ ശേഖരിച്ച് ചാർട്ടിലാക്കൽ<br>• ചൊല്ലിക്കൽ | ദീർഘകാലം. | ക്ലാസ്സിൽ മലയാളം കൈകാര്യം ചെയ്യുന്ന അധ്യാപകർ | 2500/-. |
| എഴുത്തുകാരെ പരിചയപ്പെടൽ | • പുസ്തകങ്ങൾ പരിചയപ്പെടൽ<br>• ചർച്ച<br>• ആസ്വാദനം തയ്യാറാക്കൽ | ഹ്രസ്വകാലം. | മലയാളം അധ്യാപകർ. | 5000/-. |
| കുട്ടികളിലെ അഭിനേതാക്കൾ-തിരക്കഥാകൃത്തുക്കൾ തുടങ്ങിയവരെ കണ്ടെത്തൽ. | • പാഠപുസ്തകത്തിലെ കഥകളും, കവിതകളും നാടകങ്ങളാക്കുന്നു.<br>• സ്ക്രിപ്റ്റ്, നാടകക്കളരി, പതിപ്പ്, വർക്ക് ഷോപ്പ്.<br>• അഭിനയം. | ഹ്രസ്വകാലം. | മലയാളം അധ്യാപകർ. | 3000/-. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| മികച്ച പ്രാസംഗികരെ കണ്ടെത്തൽ - ആനുകാലിക വിഷയങ്ങളിൽ കൂടുതൽ ബോധവാന്മാരാക്കൽ. | • പ്രസംഗ പരിശീലനം<br>• ഉപന്യാസമെഴുത്ത് പരിശീലനം. | മധ്യമകാലം. | മലയാളം അധ്യാപകർ | 1000/-. |
| സംവാദങ്ങൾ / ചർച്ചകൾ എന്നിവയിൽ പങ്കെടുക്കാനുള്ള കഴിവ് വർധിപ്പിക്കൽ. | • ശില്പശാലകൾ | ഹ്രസ്വകാലം. | മലയാളം അധ്യാപകർ | 3000/-. |
| പ്രമുഖ കവികളെ പരിചയപ്പെടുത്തൽ. | • പാഠപുസ്തകത്തിലല്ലാതെ പുറമെയുള്ള കവികളെ പരിചയപ്പെടുത്തുന്നു<br>• കവിയരങ്ങ്. | ഹ്രസ്വകാലം | മലയാളം അധ്യാപകർ | 5000/- |
| | | | | |

ഇംഗ്ലീഷ്- UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കൽ. | പഠനനിലവാരം അളക്കുന്നു. ഭിന്നനിലവാരക്കാരെ പരിഗണിക്കൽ. | മധ്യമകാലം | ഇംഗ്ലീഷ് അധ്യാപകർ | 2000/- |
| അനായാസം എഴുതാനും വായിക്കാനും | ഇംഗ്ലീഷ് പത്രം അസംബ്ലിയിൽ വായിപ്പിക്കൽ. ഡയറിക്കുറിപ്പ്. പതിപ്പ് തയ്യാറാക്കൽ. ഇംഗ്ലീഷ് ഫിലിം പ്രദർശനം. ഇംഗ്ലീഷിൽ പരസ്പരം സംസാരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. | ആഴ്ചയിൽ 2 ദിവസം<br>മധ്യമകാലം. | ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് അധ്യാപകർ | 3000/- |
| ഇംഗ്ലീഷ് സിനിമകൾ, ഡോക്യുമെന്ററികൾ, വീഡിയോ ക്ലിപ്സ് എന്നിവ പ്രദർശിപ്പിക്കുന്നു. | ഇംഗ്ലീഷിലുള്ള പ്രവർത്തനങ്ങൾ, കണ്ട് കേട്ട് മനസ്സിലാക്കാൻ കഴിയുന്നു. ഇംഗ്ലീഷ് സംസാരഭാഷ കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നു. | ഹ്രസ്വകാലം | ഇംഗ്ലീഷ് അധ്യാപകർ | 2500/- |

## ഹിന്ദി - UP.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളുടെയും എഴുതാനുള്ള ശേഷി വർധിപ്പിക്കുക. | പ്രീ- ടെസ്റ്റ് നടത്തി പഠന നിലകണ്ടെത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും തിരിച്ചറിയുക | ഹ്രസ്വകാലം. | ഹിന്ദി ടീച്ചർ<br>ക്ലാസ് ടീച്ചർ. | |
| ഭാഷ സംസാരിക്കുന്നതിനുള്ള ശേഷി വർധിപ്പിക്കുക. | ഉച്ചാരണതെറ്റുകൾ തിരുത്താനും ആശയ വിനിമയ ശേഷി മെച്ചപ്പെടുത്തുന്നതിനുള്ള അവസരങ്ങളൊരുക്കാം. | ഹ്രസ്വകാലം | SSA<br>ഹിന്ദി അധ്യാപകർ | |
| വായനയോടുള്ള താത്പര്യം വർധിപ്പിക്കുക. വേഗത്തിൽ വായിക്കാനുള്ള കഴിവ് നേടുക. | കുട്ടികളുടെ നിലവാരത്തിനനുസരിച്ചുള്ള ഹിന്ദി പുസ്തകങ്ങൾ ലൈബ്രറിയിൽ ലഭ്യമാക്കുക. ഹിന്ദി ദിനപത്രങ്ങൾ ക്ലാസുകളിൽ ലഭ്യമാക്കുക. ഹിന്ദി അസംബ്ലി നടത്തുക. | ദീർഘകാലം. | ഹിന്ദി അധ്യാപകർ. | 2500/-. |
| സർഗ്ഗാത്മകമായ കഴിവ് വികസിപ്പിക്കുന്നതിന്. | എല്ലാ മാസവും കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ ചേർത്ത് കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുക. ഓരോ ടേമിലും ഓരോ ഹിന്ദി മാസിക പ്രസിദ്ധീകരിക്കുക. | ദീർഘകാലം | ഹിന്ദി അധ്യാപകർ | 3500/-. |

## ഹിന്ദി - UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിഭാഷയുടെ ശേഷി മെച്ചപ്പെടുത്തുന്നതിന്. | എല്ലാ ദിവസവും ഡയറി എഴുതുക | ദീർഘകാലം | ക്ലാസ് ടീച്ചർ. | |
| പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെയും പ്രത്യേക ശ്രദ്ധ. ആവശ്യമുള്ളവരെയും (CWSN) മുന്നോട്ട് കൊണ്ടുവരിക. | പ്രത്യേക വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകുക. അക്ഷരകാർഡുകൾ, മാഗ്നറ്റിക് ബോർഡ്, ഇടങ്ങിയവ ലഭ്യമാക്കുക | ദീർഘകാലം. | ഹിന്ദി അധ്യാപകർ. SRG PTA | 2500/-. |
| | | | | |

## സയൻസ് - UP.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| മുന്നറിവ് പരിശോധന. | 10 മിനിറ്റ് ദൈർഘ്യമുള്ള ലഘുപരീക്ഷ | | സയൻസ് അധ്യാപകർ | |
| ശാസ്ത്ര അവബോധം സൃഷ്ടിക്കൽ | ലഘുപരീക്ഷണം. | ദീർഘകാലം | സയൻസ് അധ്യാപകർ | 3500/- |
| ശാസ്ത്ര അഭിരുചി വളർത്തൽ | ലാബ് ഉപകരണങ്ങൾ പരിചയപ്പെടുത്തൽ | ഹ്രസ്വകാലം | സയൻസ് അധ്യാപകർ | |
| ശാസ്ത്രീയമായ മനോഭാവം സൃഷ്ടിക്കൽ. | പഠനയാത്ര | ഹ്രസ്വകാലം | സയൻസ് അധ്യാപകർ | കുട്ടികളിൽ നിന്ന് |
| പൊതുവിദ്യാഭ്യാസ മേഖലയിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കാൻ. | ശാസ്ത്ര പ്രദർശനം. | ഹ്രസ്വകാലം | സയൻസ് അധ്യാപകർ | 10000/- |
| ശാസ്ത്രത്തിന്റെ നൂതന അറിവുകൾ കുട്ടികളിൽ എത്തിക്കാൻ. | സയൻസ് കോർണർ - ഇവിടെ പ്രദർശിപ്പിക്കുന്ന അറിവുകളിൽ നിന്നും ക്വിസ് മത്സരം. | ദീർഘകാലം | സയൻസ് അധ്യാപകർ | 3000/-. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രത്തോടുള്ള താല്പര്യം ഉണർത്താൻ. | ശാസ്ത്രകാരന്മാരുടെ ജീവചരിത്രത്തെ കുറിച്ചുള്ള വീഡിയോ പ്രദർശനം. | മധ്യമകാലം. | സയൻസ് അധ്യാപകർ | 2500/-. |
| പ്രോജക്ട് രീതിയുടെ വിവിധ വശങ്ങൾ മനസ്സിലാക്കുക. | സയൻസ് പ്രോജക്ട് | മധ്യമകാലം. | സയൻസ് അധ്യാപകർ. | 5000/-. |
| സയൻസ് മാഗസിനുകൾ പ്രസിദ്ധീകരിക്കൽ | ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ വരുത്തുക. വിവിധ സയൻസ് ജേർണലുകൾ ലഭ്യമാക്കുക. | ദീർഘകാലം | പൂർവ്വ വിദ്യാർത്ഥികൾ PTA | 3500/- |
| | | | | |

## അറബിക് UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • അറബി ഭാഷ അനായാസം കൈകാര്യം ചെയ്യുക<br>• അറബി പത്രങ്ങൾ, മാസികകൾ എന്നിവ വായിക്കാനുള്ള കഴിവ് നേടുക | • അക്ഷരം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• അറബി വാക്കുകൾ ചിത്രത്തിൽ കാർഡ്<br>• അറബി വാക്കുകൾ നിർമ്മിക്കൽ<br>• അറബി വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കൽ<br>• കഥാരചന, കവിതാരചന<br>• അറബിക് സംഭാഷണം<br>• കുറിപ്പ് തയ്യാറാക്കൽ<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ദീർഘകാലം | അറബി അധ്യാപിക | 5000/- |

## സാമൂഹ്യശാസ്ത്രം - UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികളിൽ പരിസ്ഥിതി സംബന്ധമായ അവബോധം സൃഷ്ടിക്കുക. | പരിസ്ഥിതി ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ് എന്നിവയുടെ പ്രവർത്തനം. വൃക്ഷത്തൈ നടൽ | ഹ്രസ്വകാലം. | പരിസ്ഥിതി, സാമൂഹ്യശാസ്ത്ര ക്ലബ്ബ്. | 1000/- |
| ഭൂമിശാസ്ത്രവും ചരിത്രവുമായി ബന്ധപ്പെട്ട ആശയ രൂപീകരണം നേടുക. ഭൂപടങ്ങൾ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും കഴിവ് നേടുക. | വിവിധ രാജ്യങ്ങൾ, ലോകം, കേരളം മുതലായവയുടെ ഭൂപടങ്ങൾ പരിചയപ്പെടൽ, നിരീക്ഷിക്കൽ, വിശകലനം. അറ്റ്ലസ് നിർമ്മാണം. ഭൂപട നിർമ്മാണം. | ഹ്രസ്വകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ | 500/- |
| പ്രാദേശിക വിഭവ ഭൂപട നിർമ്മാണം | സ്ഥാപനങ്ങൾ സ്ഥലങ്ങൾ | ഹ്രസ്വകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | 500/- |
| സെമിനാറുകളിൽ പങ്കെടുക്കാനുള്ള കഴിവ് വളർത്തിയെടുക്കുക. | 5, 6, 7 ക്ലാസുകളിലെ സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങൾ. | ദീർഘകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

## ഗണിതം - UP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം. |
|---|---|---|---|---|
| പഠനനില കണ്ടെത്തൽ - പിന്നോക്കം നിൽക്കുന്നവരെയും മുന്നോക്കം നിൽക്കുന്നവരെയും കണ്ടെത്തുക. | പ്രീ-ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ഹ്രസ്വകാലം | ഗണിത അധ്യാപകർ | |
| ഗണിത പഠനത്തിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുക. രസകരവും ലളിതവുമായി ഗണിത പഠനം മാറ്റുക. | ഗണിത ക്ലബ്ബ് രൂപീകരണം. കളികളിലൂടെ ഗണിത ക്രിയകൾ ചെയ്യുക. പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് ഗണിത രൂപങ്ങൾ നിർമ്മിക്കുക. ഗണിത മാഗസിനുകൾ തയ്യാറാക്കുക. വിവിധ ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുക. പഠനയാത്ര നടത്തുക. | മധ്യമകാലം. | ഗണിത അധ്യാപകർ. ഗണിത ക്ലബ്ബിലെ വിദ്യാർത്ഥികൾ<br>ഗണിത ക്ലബ്ബംഗങ്ങൾ | 10,000/ കുട്ടികളിൽ നിന്ന്. |

## ഗണിതം - UP.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| UP തലത്തിലുള്ള പഠന നേട്ടങ്ങളിലേക്ക് കുട്ടികളെ എത്തിക്കുക. | കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുക. | ദീർഘകാലം. | ഗണിത അധ്യാപകർ മുന്നോക്കം നിൽക്കുന്ന ഗണിത വിദ്യാർത്ഥികൾ. | |
| ഗണിതാഭിരുചിയും താത്പര്യവും വളർത്തുന്നതിന്. | സ്കൂളിന് സമീപമുള്ള നിർമ്മാണ സ്ഥലങ്ങൾ സന്ദർശിക്കുന്നു. (കെട്ടിട നിർമ്മാണം, ഫാക്ടറികൾ etc.) സെമിനാറുകൾ നടത്തുക. ഗണിത ലാബ് നിർമ്മാണം. | ദീർഘകാലം. | ഗണിത അധ്യാപകർ മുന്നോക്കം നിൽക്കുന്ന ഗണിത വിദ്യാർത്ഥികൾ. | 15000/- |
| ICT അധിഷ്ഠിതമായ ഗണിത പഠനം. | | ദീർഘകാലം. | PTA | |

# സംസ്കൃതം - UP & HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സംസ്കൃത ഭാഷയിൽ പ്രാവീണ്യം നേടാൻ കുട്ടികളെ പ്രാപ്തരാക്കുക | സംസ്കൃതം അസംബ്ലി സംസ്കൃതം ദിനാചരണം. | ഹ്രസ്വകാലം | സംസ്കൃതം അധ്യാപിക | |
| എല്ലാ കുട്ടികളെയും സംസ്കൃതം എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | ICT സാധ്യതകളും ലൈബ്രറിയും ഉപയോഗമാക്കി പഠനപ്രവർത്തനങ്ങൾ നടപ്പാക്കുന്നു. | ദീർഘകാലം. | സംസ്കൃതം അധ്യാപിക. | |
| സംസ്കൃതത്തിൽ അഭിരുചി വളർത്തുക. | പാട്ട് പാടുക, ശ്ലോകം ചൊല്ലുക, കഥ, ഉപന്യാസം, സമസ്യ എന്നിവയുടെ രചന, പ്രശ്നോത്തരി കേളി, പ്രഭാഷണം, അഭിനയം എന്നിവ പഠനപ്രവർത്തനത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികളുടെ സർഗ്ഗാത്മകശേഷി വികസിപ്പിക്കുന്നതിന് സംസ്കൃതം ക്ലബ്ബ് വികസിപ്പിക്കുക. | ദീർഘകാലം | HM, സംസ്കൃതം അധ്യാപിക, ക്ലബ്ബംഗങ്ങൾ. | 2500/-. |

| സംസ്കൃതം UP & HS | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സംസ്കൃതം ഭാഷാപഠനത്തിലും പ്രചാരണത്തിലും തല്പരരാക്കുക. | സംസ്കൃത സ്കോളർഷിപ്പ് നേടുന്നതിനായി കുട്ടികളെ തയ്യാറാക്കുക. | അധ്യയനകാലം. | സംസ്കൃതം അധ്യാപിക. | |
| | | | | |

## കലാപഠനം UP- HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ആസ്വാദന ശേഷി വികസനം<br>• സംഗീതം<br>• നൃത്തം<br>• അഭിനയം<br>• ചിത്രകല. | ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ ഉപയോഗിച്ച് കലാപഠനവുമായി ബന്ധപ്പെട്ട മേഖലകളെക്കുറിച്ച് അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നു | ഹ്രസ്വകാലം. | കലാധ്യാപകൻ | 2500/- |
| അഭിരുചിക്കനുസരിച്ച് പ്രാഥമിക പരിശീലനം | സംഗീത പരിശീലനം, ചിത്രകല, നൃത്തം അഭിനയം എന്നിവയുടെ പരിശീലനത്തിന് വ്യത്യസ്ത കളരികൾ രൂപീകരിക്കുന്നു. | മധ്യമകാലം | കലാധ്യാപകൻ ബന്ധപ്പെട്ട കലാകാരന്മാർ | 20,000/- |
| കല, സംസ്കാരം ഇടങ്ങിയവയെ അടുത്തറിയുന്നതിനായി പഠന യാത്രകൾ, കലാരംഗത്തെ വിദഗ്ധരുമായി മുഖാമുഖം. | കലാപഠനത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട സാംസ്കാരിക കേന്ദ്രങ്ങൾ നേരിൽ കണ്ട് വിവരങ്ങൾ തയ്യാറാക്കുന്നു.<br>മുഖാമുഖത്തിലൂടെ വിദഗ്ധരുമായി പരിചയപ്പെടുന്നു. | ഹ്രസ്വകാലം. | കലാധ്യാപകൻ വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അധ്യാപകർ | കുട്ടികളിൽ നിന്നും. |

## IT - UP & HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| IT മേഖലയിൽ കുട്ടികൾക്ക് മെച്ചപ്പെട്ട പരിശീലനം നൽകൽ | • ഗ്രാഫിക്സ് ഡിസൈനിംഗിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാൻ ഡിജിറ്റൽ പെയിന്റിംഗിൽ പരിശീലനം കൊടുക്കുക.<br>• DTP വൈദഗ്ധ്യം ലഭിക്കുന്നതിനായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി ടൈപ്പിംഗ് മെച്ചപ്പെടുത്തുക<br>• അനിമേഷൻ മേഖലയിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാൻ കൂടുതൽ അനിമേഷൻ സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുത്തുന്നു.<br>• ഹാർഡ് വെയർ റിപ്പയറിംഗിൽ കൂടുതൽ പരിശീലനം കൊടുക്കുന്നു | മധ്യമകാലം<br>ദീർഘകാലം. | SITC | 5000/-. |

## കായികം UP - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക ക്ഷമത ഉണ്ടാക്കിയെടുക്കുക. | • രാവിലെയോ വൈകിട്ടോ ക്ലാസ്സ് അടിസ്ഥാനത്തിൽ exercise കൊടുക്കുക. <br> • കുറഞ്ഞത് ഒരു മണിക്കൂർ കുട്ടികൾക്ക് exercise ചെയ്യാനുള്ള അവസരം. <br> • recreation games ചെയ്യിക്കുന്നു | ദീർഘകാലം | കായിക അധ്യാപകൻ | |
| സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കുന്നു. | • Games നെ കുറിച്ചും Athletic events നെ കുറിച്ചും തെരഞ്ഞെടുക്കാനുള്ള അവസരം <br> • സ്കൂളിലെ മികച്ച കായികതാരങ്ങളെ കണ്ടെത്തുക. <br> • ബുക്കുകൾ, ചിത്രങ്ങൾ, അക്കൗണ്ട്, സംഖ്യാ കാർഡുകൾ. | ദീർഘകാലം | കായിക അധ്യാപകൻ | 13000/- |
| | | | | |

| കായികം UP - HS | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. കബഡി | • Game പരിചയപ്പെടുത്തുന്നു.<br>• പരിശീലനം നൽകുന്നു<br>• Team ഉണ്ടാക്കുന്നു.<br>• മത്സരങ്ങളിൽ പങ്കെടുക്കുന്നു | മധ്യമകാലം | കായിക അധ്യാപകർ | 50,00/- |
| 2. വോളിബോൾ | • Game പരിചയപ്പെടുത്തുന്നു<br>• പരിശീലനം നൽകുന്നു<br>• Team ഉണ്ടാക്കുന്നു<br>• മത്സരങ്ങളിൽ പങ്കെടുക്കുന്നു | മധ്യമകാലം | കായിക അധ്യാപകർ | 25000/- |
| 3. ഹാൻഡ്ബോൾ. | • Game പരിചയപ്പെടുത്തുന്നു<br>• പരിശീലനം നൽകുന്നു<br>• Team ഉണ്ടാക്കുന്നു.<br>• മത്സരങ്ങളിൽ പങ്കെടുക്കുന്നു | | | |
| 4. ഷട്ടിൽ ബാഡ്മിന്റൺ | • Game പരിചയപ്പെടുത്തുന്നു<br>• പരിശീലനം നൽകുന്നു.<br>• Team ഉണ്ടാക്കുന്നു.<br>• മത്സരങ്ങളിൽ പങ്കെടുക്കുന്നു. | മധ്യമകാലം | കായിക അധ്യാപകർ | PTA Fund |

## കായികം UP-HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
| --- | --- | --- | --- | --- |
| 5. അത്‌ലറ്റിക്സ് | • Team ഉണ്ടാക്കുന്നു<br>• മത്സരങ്ങളിൽ പങ്കെടുക്കുന്നു.<br>• Game പരിചയപ്പെടുത്തുന്നു.<br>• പരിശീലനം നൽകുന്നു. | മധ്യമകാലം. | കായികഅദ്ധ്യാപകൻ. | 20000/-. |
| വെയിറ്റ് ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നു. | • എല്ലാ കായിക താരങ്ങൾക്കും പരിശീലനം നൽകുന്നു.<br>• മസിൽ സ്ട്രെങ്ത് കൂട്ടുന്ന പ്രവർത്തനങ്ങൾ<br>• എല്ലാ മത്സരങ്ങളിലും കുട്ടികളുടെ പെർഫോമൻസ് വർദ്ധിപ്പിക്കുക.<br>• നാഷണൽ ലെവൽ പെർഫോമൻസിൽ എത്തിക്കുക. | ദീർഘകാലം. | കായികഅദ്ധ്യാപകൻ | 10,000/- |
| ഗുസ്തി പരിശീലനം | • Team ഉണ്ടാക്കുന്നു<br>• Game പരിചയപ്പെടുത്തുന്നു<br>• പരിശീലനം നൽകുന്നു<br>• ലക്ഷ്യം നാഷണൽ ലെവൽ പെർഫോമൻസിൽ എത്തിക്കുക | ദീർഘകാലം. | കായികഅദ്ധ്യാപകർ | 50,000/- |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - HS വിഭാഗം.

## മലയാളം - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളഭാഷ വായിക്കാനും എഴുതാനും അശയവിനിമയം നടത്താനും എല്ലാ കുട്ടികൾക്കും കഴിയുക. ലൈബ്രറി കേന്ദ്രീകരിച്ച് കുട്ടികളുടെ അധിക വായനയെ പ്രോത്സാഹിപ്പിക്കുക. | • പത്രവായന<br>• വായനാ മത്സരങ്ങൾ<br>• കഥ . കവിത വായന, അലാപന മത്സരങ്ങൾ<br>• പുസ്തകാസ്വാദനമെഴുത്ത്<br>• പതിപ്പുകൾ. | ഹ്രസ്വകാലം | മലയാളം അധ്യാപകർ | 3000/- |
| കഥയും കവിതയും വായിച്ചാസ്വദിക്കുക, സാഹിത്യം ആസ്വദിക്കാനും സെമിനാറിൽ അവതരിപ്പിക്കാനും കഴിയുക. കഥാ - കവിതാ രചനയിൽ പ്രാവീണ്യം നേടുക. | 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കാനുള്ള കഥകളെയും കവിതകളെയും അടിസ്ഥാനമാക്കി കഥയരങ്ങ്, കവിതയരങ്ങ്, ആസ്വാദനമെഴുത്ത്, കഥാശില്പശാല, കവിതാശില്പശാല, പ്രമുഖരായ കഥാകൃത്തുക്കളുടെയും കവികളുടെയും ക്ലാസുകൾ, അവരുമായി സംവദിക്കൽ | മധ്യമകാലം | മലയാളം അധ്യാപകർ . SSA | 12500/- |
| | | | | |

## മലയാളം - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംവാദം, ചർച്ച ഇവയിൽ പങ്കെടുത്ത് മികവ് നേടൽ | സംവാദം ചർച്ച ഇവയുടെ വീഡിയോ കാണൽ, ആനുകാലിക വിഷയങ്ങൾ - സംവാദം | മധ്യകാലം | IT അധ്യാപകർ<br>മലയാളം അധ്യാപകർ | 15000/- |
| പ്രാസംഗികനാവുക.<br>പ്രസംഗത്തിൽ മികവ് നേടുക. | മികച്ച പ്രസംഗങ്ങൾ കേൾപ്പിക്കൽ ശ്രദ്ധേയരായ പ്രാസംഗികരെ പരിചയപ്പെടൽ. പ്രസംഗപരിശീലനം. | | മലയാളം അധ്യാപകർ | 5000/- |
| അഭിനയശേഷി - മികച്ച അഭിനേതാക്കളെയും നാടക തിരക്കഥാകൃത്തുക്കളെയും ഒരുക്കുക. | മികച്ച നാടകങ്ങൾ, സിനിമകൾ ആസ്വദിക്കൽ.<br>പഠനയാത്ര - നാടക ട്രൂപ്പ്, സിനിമ സ്റ്റുഡിയോ സന്ദർശനം, മികച്ച നടന്മാരും തിരക്കഥാകൃത്തുക്കളുമായി സംവദിക്കൽ. | ദീർഘകാലം | മലയാളം അധ്യാപകർ | 10,000/- |
| | | | | |

ഇംഗ്ലീഷ് - HS

| | | | | |
|---|---|---|---|---|
| To improve the backwardness of English language acquisition | • Familiarising the letters, Words<br>• Card distribution<br>• Construction of sentences | Short term | English Teachers | |
| To improve the reading and listening skill of the learners | • Picture caption Writing<br>• Completion of a Story<br>• Distribution of Story book<br>• Presentation of pictures using ICT<br>• Extra class for slow learners in English | Mid term | English Teachers<br>IED trainer_ BRC | 5000/- |
| To mould the child as an efficient writer. | • Writing Corner<br>• Discussions based on famous works<br>• Class library<br>• Club activities<br>• E-learning | Mid term | English Teachers<br>IT teachers<br>BRC | 5000/-. |

## ഹിന്ദി - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്ഷരം, ചിഹ്നം ഇടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ ചേർത്തും വായിക്കാനും എഴുതാനും പഠിപ്പിക്കുന്നു | അക്ഷരകാർഡുകളിൽ മാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു ഓഡിയോ വീഡിയോ സഹായത്തോടെ ഉച്ചാരണം കൃത്യമായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വകാലം | ഹിന്ദി അധ്യാപകർ | 2000/- |
| ഹിന്ദി അനായാസം എഴുതാനും വായിക്കാനും പരിശീലിപ്പിക്കുന്നു. വായനാ പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു, കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | ടെക്സ്റ്റ്ബുക്ക്, പരസ്യങ്ങൾ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ ഇടങ്ങിയവ വായനക്കായി നൽകുന്നു. | മധ്യമകാലം | ഹിന്ദി അധ്യാപകർ | 2000/- |
| ഹിന്ദി എഴുതുവാനും വായിക്കാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം. | ഹിന്ദി അധ്യാപകർ | |

| ഹിന്ദി - HS | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ ശുദ്ധവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ, ചുരിച്ചിക്കുവാൻ നൽകുന്നു. | മധ്യമകാലം | ഹിന്ദി അധ്യാപകർ. | 2000/-. |
| സർഗ്ഗാത്മകമായ കഴിവ് വികസിപ്പിക്കുന്നതിന് | എല്ലാ മാസവും കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ ചേർത്ത് കയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുന്നു. | ദീർഘകാലം | ഹിന്ദി അധ്യാപകർ | 10,000/- |

## സാമൂഹ്യശാസ്ത്രം - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ചരിത്ര അവബോധം | ഇന്ത്യയുടെയും കേരളത്തിന്റെയും ഭൂപടം വരയ്ക്കൽ, സ്റ്റാമ്പ് ശേഖരണം, റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് ഫിലിം പ്രദർശനം, സെമിനാറുകൾ. | ഹ്രസ്വകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | 1500/- |
| സാമൂഹിക അവബോധം | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ക്യാമ്പുകൾ വഴി സംഘടിപ്പിക്കൽ. | മധ്യമകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| വിദ്യാർത്ഥികളിൽ പരിസ്ഥിതി സംബന്ധമായ അവബോധം സൃഷ്ടിക്കുക. | പരിസ്ഥിതി ക്ലബ്ബ്, സോഷ്യൽസയൻസ് ക്ലബ്ബ് എന്നിവയുടെ രൂപവത്കരണം, വൃക്ഷത്തൈ നടീൽ | ദീർഘകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ, ക്ലബ്ബംഗങ്ങൾ | 10,000/- |
| | | | | |

## സാമൂഹ്യശാസ്ത്രം - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| • നാടിനെ അറിയാൻ | കുട്ടികളിൽ തങ്ങളുടെ നാടിന്റെ ചരിത്രമറിയാനും അന്വേഷണത്വര ജനിപ്പിക്കാനും ഗവേഷണാത്മകമായി കണ്ടെത്തിയ കാര്യങ്ങൾ ചിട്ടയോടെ രേഖപ്പെടുത്താനുമായി പ്രാദേശിക ചരിത്രരചന നടത്തുന്നു. | മധ്യമകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| രാഷ്ട്രീയ അവബോധം. | Mock Parliament സംഘടിപ്പിക്കൽ. | മധ്യമകാലം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | 5000/- |
| ചരിത്ര അവബോധം. | സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് മഹാന്മാരുടെ ചിത്രം പ്രദർശനം നടത്തുക. / ജീവചരിത്രം രചിക്കുക. ലഘുനാടകങ്ങൾ സംഘടിപ്പിക്കുക. പോസ്റ്റർ രചിക്കുക. | ദീർഘകാലം. | സാമൂഹ്യശാസ്ത്രം അധ്യാപകർ | 20,000/- |

## അറബിക് - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബിക് വായിക്കാനുള്ള കഴിവ് | • തെരഞ്ഞെടുത്ത ലളിതമായ 60 പുസ്തകങ്ങൾ<br>• 15 അറബിക് കഥാപുസ്തകങ്ങൾ<br>• 15 അറബിക് പദ്യങ്ങൾ<br>• 15 അറബിക് ലേഖനങ്ങൾ<br>• 15 അറബിക് ക്വിസ് പുസ്തകങ്ങൾ<br>ICT സാധ്യത, ലൈബ്രറി. | ഹ്രസ്വകാലം. | അറബിക് അധ്യാപകർ | 5000/- |
| അറബിയിലുള്ള നല്ല എഴുത്ത് | • ക്ലാസ് മാസിക നിർമ്മാണം<br>• ചുമർ പത്രിക നിർമ്മാണം<br>• വായനാ കാർഡ് നിർമ്മാണം<br>• അറബി കാലിഗ്രാഫി - എന്നിവ<br>ICT സഹായത്തോടെ പരിശീലിപ്പിക്കുന്നു. | മധ്യമകാലം. | അറബിക് അധ്യാപകർ | 5000/- |

## അറബിക് - HS

| ലക്ഷ്യം | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യാസ്വാദനം. | പാടാനും കഥ പറയാനും, പ്രസംഗം നടത്താനും അഭിനയിക്കാനുമുള്ള കഴിവുള്ള പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രമിക്കാനുമുള്ള അവസരം സൃഷ്ടിക്കൽ. | ദീർഘകാലം | അറബിക് അധ്യാപകർ | 5000/- |
| ദിനാചരണങ്ങൾ അറബിക് അസംബ്ലി. | അറബി ഭാഷയിൽ പ്രാവീണ്യം നേടാനും സഭാകമ്പം ഇല്ലാതാക്കാനും പൊതുസമൂഹത്തെ അഭിസംബോധന ചെയ്യാനുമുള്ള പരിശീലനം. | ഹ്രസ്വകാലം. | അറബിക് അധ്യാപകർ ക്ലാസ് ലീഡർ | |

## അറബിക് - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ് നടത്തൽ, അക്ഷര കാർഡ് നൽകൽ, വാക്കുകൾ എഴുതിയ കാർഡ്, വാക്കുകളും വാക്യങ്ങളും നിർമിക്കൽ, ചിത്രങ്ങൾ നൽകി കഥ പറയിക്കുകയും എഴുതിപ്പിക്കുകയും ചെയ്യൽ, പ്രത്യേകം ക്ലാസ്സ് നൽകൽ. | ഹ്രസ്വകാലം | അറബിക് അധ്യാപകർ | 5000/- |
| | | | | |

PHYSICS - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ശാസ്ത്ര ലാബ് നവീകരണം | • 8, 9, 10 ഊർജ്ജതന്ത്രം പാഠഭാഗത്തെ പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ പരീക്ഷണ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br>• ശാസ്ത്ര ഉപകരണങ്ങൾ രാസവസ്തുക്കൾ ശേഖരണം<br>• പരീക്ഷണങ്ങൾ തെരഞ്ഞെടുത്ത് ക്ലാസ് അടിസ്ഥാനത്തിൽ ചെയ്യുന്നു. | ഹ്രസ്വകാലം | ഊർജ്ജതന്ത്രം അധ്യാപകർ | PTA |
| ശാസ്ത്ര സാഹിത്യം. | നിലവിലുള്ള ശാസ്ത്ര പുസ്തകങ്ങളും മാസികകളും ലൈബ്രറിയിൽ നിന്നും ലിസ്റ്റ് ചെയ്യൽ. ലിസ്റ്റിന്റെ കോപ്പി ക്ലാസിൽ പ്രദർശിപ്പിക്കുന്നു | ദീർഘകാലം | ഊർജ്ജതന്ത്രം അധ്യാപകർ | സയൻസ് ക്ലബ് |
| ശാസ്ത്ര പോഷണം. | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആലോചിക്കുന്നു, ശാസ്ത്രജ്ഞരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കുന്നു. | ദീർഘകാലം | സയൻസ് ക്ലബ് | സയൻസ് ക്ലബ് |

CHEMISTRY - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഔത്സുക്യം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ മാറി മാറി ചെയ്യുവാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്തു കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിപ്പിക്കുന്നു. ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് ഷെഡ്യൂൾ ചെയ്ത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | മധ്യകാലം | സയൻസ് അധ്യാപകർ | 500/- |
| ശാസ്ത്രാഭിരുചി വളർത്തൽ | ലാബ് ഉപകരണങ്ങൾ കൈകാര്യം ചെയ്യുക. ക്രമീകരിക്കുക, പരീക്ഷണങ്ങൾ ചെയ്യുക. | ഹ്രസ്വകാലം | സയൻസ് അധ്യാപകർ. | |

CHEMISTRY - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| രസതന്ത്രത്തിൽ പ്രധാനപങ്കുവഹിച്ച ശാസ്ത്രജ്ഞരെ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കൽ | ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ കുട്ടികൾക്ക് നൽകുന്നു. ഈ ചിത്രങ്ങൾ ഉപയോഗിച്ച് ആൽബം തയ്യാറാക്കുന്നു | ഹ്രസ്വകാലം | സയൻസ് അധ്യാപകർ | |
| • ഇന്ന ലാബ്<br>• ശാസ്ത്ര മാഗസിൻ നിർമ്മാണം<br>• ശാസ്ത്ര മേളകൾ തയ്യാറാക്കൽ<br>• മൂലകങ്ങളെ അറിഞ്ഞിടാം. | ഈ പ്രവർത്തനത്തിന്റെ ഭാഗമായി മുഴുവൻ പരീക്ഷണങ്ങളും ലിസ്റ്റ് ചെയ്യുന്നു. കുട്ടികൾക്ക് ചെയ്തുനോക്കാൻ അവസരം നൽകുന്നു. ശാസ്ത്രദിന ങ്ങളുടെ മേളകൾ തയ്യാറാക്കുന്നു. ആവർത്തനപ്പട്ടികയിലെ മൂലകങ്ങളുടെ രാസഭൗതിക ഗുണങ്ങൾ തയ്യാറാക്കൽ | ദീർഘകാലം | സയൻസ് അധ്യാപകർ | 10,000/-. |
| പ്രോജക്ട് രീതിയുടെ വിവിധ - വശങ്ങൾ മനസ്സിലാക്കാൻ | വിഷയങ്ങൾ നൽകി സയൻസ് പ്രോജക്ട് ഗ്രൂപ്പായി തയ്യാറാക്കൽ | മധ്യകാലം | സയൻസ് അധ്യാപകർ | 5000/- |

## BIOLOGY - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവികൾ തമ്മിലുള്ള പരസ്പരാശ്രയത്വം മനസ്സിലാക്കൽ | ജൈവ വൈവിധ്യ ഉദ്യാനനിർമ്മാണം | ദീർഘകാലം | സയൻസ് അധ്യാപകർ | 50000/- PTA, പൂർവ്വ വിദ്യാർത്ഥികൾ |
| കൗമാരക്കാരായ പെൺകുട്ടികൾക്കായി പ്രത്യേക പഠനക്ലാസ്സ് | കൗമാരക്കാരായ പെൺകുട്ടികൾ അനുഭവിക്കുന്ന ലിംഗവിവേചനം, അതിക്രമങ്ങൾ എന്നിവ തിരിച്ചറിയാനും പ്രതികരിക്കാനും വേണ്ട തിരിച്ചറിവ് നൽകുന്നു. | ഹ്രസ്വകാലം | സയൻസ് അധ്യാപകർ | PTA SSA |
| നല്ല ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കുന്നത്. or മഴക്കാല രോഗങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തൽ | ജൂൺ / ജൂലൈ മാസങ്ങളിൽ സന്ദർഭോചിതമായ ദിനങ്ങൾ കണ്ടെത്തി മഴക്കാല രോഗങ്ങൾ, ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത, വ്യക്തി ആരോഗ്യം കാത്തുസൂക്ഷിക്കലും ബന്ധപ്പെട്ട് ഒരു ഡോക്ടറുടെയോ ആരോഗ്യപ്രവർത്തകന്റെയോ ക്ലാസ് സംഘടിപ്പിക്കുന്നു. | ഹ്രസ്വകാലം | സയൻസ് അധ്യാപകർ | 5000/- |

## BIOLOGY

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഗ്രീൻ കാമ്പസ് നിർമിതി | ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാൻ ആവശ്യമായ ബോക്സ് സ്ഥാപിക്കുന്നു. അജൈവം ഹരിത കർമ്മ സേനക്ക് നൽകുന്നു. ജൈവം കമ്പോസ്റ്റ് നിർമാണം. | മധ്യകാലം | സയൻസ് അധ്യാപകർ | 5000/-. |
| | | | | |

ഗണിതം - HS

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
| --- | --- | --- | --- | --- |
| പഠനനില കണ്ടെത്തൽ. പിന്നോക്കം നിൽക്കുന്നവരെയും മുന്നോക്കം നിൽക്കുന്നവരെയും കണ്ടെത്തുക. | പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ഹ്രസ്വകാലം | ഗണിത അധ്യാപകർ. | |
| ഗണിത പഠനത്തിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുക. രസകരവും ലളിതവുമായി ഗണിത പഠനം സാധ്യമാക്കുക. | ഗണിത ക്ലബ്ബ് രൂപീകരണം, കളികളിലൂടെ ഗണിതക്രിയകൾ അവതരിപ്പിക്കുന്നു., പാഴ്വസ്തുക്കൾ ഉപയോഗിച്ച് ഗണിത രൂപങ്ങൾ നിർമ്മിക്കുക, ഗണിത മാഗസിനുകൾ നിർമ്മിക്കുക, വിവിധ ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കുക, പഠനയാത്ര നടത്തുക. | മധ്യമകാലം | ഗണിത ക്ലബ്ബിലെ വിദ്യാർത്ഥികൾ, ഗണിതക്ലബ്ബംഗങ്ങൾ. | 20,000/- |
| HS തലത്തിലുള്ള പഠനനേട്ടങ്ങളിലേക്ക് കുട്ടികളെ എത്തിക്കുക. | കുട്ടികളെ വിവിധ ഗ്രൂപ്പുകളാക്കി അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുക. | ദീർഘകാലം | ഗണിത അധ്യാപകർ മുന്നോക്കം നിൽക്കുന്ന ഗണിതവിദ്യാർത്ഥികൾ | |

## ഗണിതം HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദീകരണം |
| --- | --- | --- | --- | --- |
| ഗണിതാഭിരുചിയും താത്പര്യവും വളർത്തുന്നതിന് | സ്കൂളിനു സമീപമുള്ള നിർമ്മാണ സ്ഥലങ്ങൾ സന്ദർശിക്കണം. (കെട്ടിടനിർമ്മാണം, ഫാക്ടറി ) സെമിനാറുകൾ നടത്തുക, ഗണിത ലാബ് നിർമ്മാണം. | ഹ്രസ്വകാലം<br>ദീർഘകാലം | ഗണിതാധ്യാപകർ. | 10000/-<br>15000/-. |
| ICT അധിഷ്ഠിതമായ ഗണിത-പഠനം | എല്ലാ ക്ലാസ് റൂമുകളും ഹൈടെക് ആക്കുക, വിവര വിനിമയ സാങ്കേതിക വിദ്യയിലൂടെ പഠനം രസകരമാക്കുക. | ദീർഘകാലം | PTA<br>SSA. | |
| | | | | |

WORK EDUCATION UP - HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ബാധ്യത |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മകത പ്രദർശിപ്പിക്കാനും സാമൂഹിക സന്ദേശങ്ങൾ ഉൾക്കൊള്ളുവാനും ചിന്തിക്കാനും | പോസ്റ്റർ നിർമ്മാണം, വെർട്ടിക്കൽ ഗാർഡനിംഗ് | അക്കാദമിക വർഷം | Work Education അദ്ധ്യാപിക | Work Education Teacher |
| കുട്ടികളിലും മുതിർന്നവരിലും പോഷകാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കാൻ | ചുറ്റുവട്ടങ്ങളിലും ആഹാരത്തിൽ ഉള്ള ഇലകളുടെ പ്രാധാന്യം വിവിധതരം ഇലക്കറികൾ ഉണ്ടെന്ന് ഇലകൾ തിരിച്ചറിയുന്നു. | ജൂലൈ | Work Education Teacher | |
| പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം അറിയിക്കാൻ | പോസ്റ്റർ നിർമ്മാണം വെർട്ടിക്കൽ ഗാർഡനിംഗ്. | ജൂൺ | Work Education Teacher. | Work Education Teacher |
| സ്വാതന്ത്ര്യദിനം | Flag നിർമ്മാണം, | ആഗസ്റ്റ് | Work Education Teacher | |
| ലോക നാളികേര ദിനം | Coconut Shell products | സെപ്തംബർ | Work Education Teacher | |
| ഓസോൺ ദിനാചരണത്തിൽ വിവിധതരം പോസ്റ്ററുകൾ നിർമ്മാണം. | പോസ്റ്ററുകൾ നിർമ്മിക്കുന്നു. | സെപ്തംബർ | Work Education Teacher | |

## WORK EDUCATION UP-HS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശിശുദിനം | തൊപ്പി നിർമ്മാണം | നവംബർ | Work Education Teacher | |
| ഉപയോഗ ശൂന്യമായ വസ്തുക്കളുടെ പുനരുപയോഗം. | ഉപയോഗ ശൂന്യമായ കുപ്പികൾ, പ്ലാസ്റ്റിക് കുപ്പികൾ, ഇവ ഉപയോഗിച്ച് ചവിട്ടിയും പാവയും, പൂക്കളും നിർമ്മിക്കുന്നു | ഹ്രസ്വകാലം | Work Education Teacher | |
| ദേശസ്നേഹം | Paper, Cloth എന്നിവ ഉപയോഗിച്ച് Flag നിർമ്മാണം | ഹ്രസ്വകാലം | Work Education Teacher | |
| | | | | |

# ഉപസംഹാരം

ഗ്രാമീണമേഖലയിൽ സ്ഥിതിചെയ്യുന്ന KPMHSS-ലെ കുട്ടികളുടെ പാഠ്യപാഠ്യേതര രംഗങ്ങളിലെ മികവ് വർദ്ധിപ്പിക്കുന്നതിനായി പരമാവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ മാസ്റ്റർ പ്ലാൻ പ്രയോജനപ്പെടുത്തുന്നതാണ്. സമഗ്ര ഉന്നമനം. പദ്ധതി നടപ്പിലാക്കുക വഴി പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെയടക്കം പൊതുധാരയിലേക്ക് കൊണ്ടുവന്ന് ലോകോത്തര വിദ്യാഭ്യാസം നൽകുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിനായി അധ്യാപകർ, മാനേജ്മെന്റ്, പി.ടി.എ, സ്കൂൾ സംരക്ഷണ സമിതി, പൂർവ്വവിദ്യാർത്ഥികൾ, വിദ്യാഭ്യാസ വിചക്ഷണന്മാർ, വിദ്യാഭ്യാസ വകുപ്പ് ഒത്ത് ചേർന്നുള്ള പ്രവർത്തനങ്ങൾക്ക് ആക്കം നൽകും. പാഠ്യപാഠ്യേതര രംഗത്ത് സംസ്ഥാനത്ത് തന്നെ മികച്ച പെടുന്ന സ്കൂൾ ആയി മാറുകയെന്നതാണ് പ്രധാന ലക്ഷ്യം. ഇതിന് വേണ്ടി ഏവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.